കോടതി അലക്ഷ്യനിയമം

140 (3069) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കോടതിയലക്ഷ്യനിയമം ഏത് വർഷമാണ് നടപ്പിൽ വന്നത്;

(ബി) ഈ നിയമം കാലോചിതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ കേന്ദ്രനിയമത്തിൽ മാറ്റംവരുത്താൻ ശുപാർശ ചെയ്യുമോ?

ഉത്തരം

(എ) 1971 ൽ ആണ് നടപ്പിൽ വന്നത്.

(ബി)&(സി) ഇത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

141 (3070) ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോടതികളിലെ വർദ്ധിച്ചുവരുന്ന പെൻഡിംഗ് കേസുകൾ കണക്കിലെടുത്ത് കോടതികളിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി മുൻഗണനാക്രമമനുസരിച്ച് ഘട്ടംഘട്ടമായി പുതിയ കോടതികൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. കോടതികളുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം, ഫർണിച്ചർ, ടെലിഫോൺ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കോടതികളിലെയും എം.എ.സി.ടി.കളിലെയും സ്റ്റാഫ്പാറ്റേൺ നവീകരിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly